**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5337 | 01.07.2014-ലെ മറുപടിയ്ക്ക്

## റിട്ടയർ ചെയ്ത ജീവനക്കാർ സമർപ്പിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എത്ര ആഡിറ്റ് റിപ്പോർട്ടുകൾ വിരമിച്ച ജീവനക്കാർ ആഡിറ്റ് നടത്തി സമർപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) 2012-13 സാമ്പത്തിക വർഷത്തിൽ വിരമിച്ച ജീവനക്കാരെ ആഡിറ്റിന് നിയോഗിച്ചിരുന്നില്ല. 2013-14-ൽ കുടിശ്ശിക നിവാരണ പരിപാടിയുടെ ഭാഗമായി 1209 ആഡിറ്റ് റിപ്പോർട്ടുകൾ വിരമിച്ച ജീവനക്കാർ സമർപ്പിച്ചിരുന്നു. |
| (ബി) ഇവരുടെ ബാധ്യത സംബന്ധിച്ച് നിലവിലുള്ള റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ സമർപ്പിക്കുന്ന ആഡിറ്റ് റിപ്പോർട്ടുകളുടെ ഉത്തരവാദിത്തം ആർക്കാണ്; വ്യക്തമാക്കാമോ; | (ബി) ഇല്ല. ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയ ആഡിറ്റർക്കും അംഗീകരിച്ച ഉദ്യോഗസ്ഥനും ഉത്തരവാദിത്വമുണ്ട്. |
| (സി) ഇത്തരത്തിൽ സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ ഉത്തരവാദിത്തം റിപ്പോർട്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥന്റെ ചുമതലയിൽപ്പെടുത്തുമോ; വിശദമാക്കാമോ? | (സി) സർവ്വീസിൽ ഉള്ള ആഡിറ്റർമാർക്കും വിരമിച്ച ആഡിറ്റർമാർക്കും ഒരേ മാനദണ്ഡമാണ് ആഡിറ്റ് ചെയ്യുന്നതിനും ആഡിറ്റ് റിപ്പോർട്ടുകൾ അംഗീകരിക്കുന്നതിനും സ്വീകരിച്ചുവരുന്നത്. അതിനാൽ റിപ്പോർട്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥന് ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്. |

സെക്ഷൻ ഓഫീസർ